(Pages : 4) 1001

Sl. No. 237092

# S.S.L.C. EXAMINATION, MARCH - 2014

## MALAYALAM (Paper-I)

**Time : 1½ Hours** **Total Score : 40**

---

നിർദ്ദേശങ്ങൾ :

- ആദ്യത്തെ പതിനഞ്ചുമിനിറ്റ് സമാശ്വാസ സമയമാണ്. ഇത് ചോദ്യങ്ങൾ വായിക്കുന്നതിനും മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തണം.
- ചോദ്യനിർദ്ദേശങ്ങൾ ശ്രദ്ധിച്ച് വായിച്ചു മനസിലാക്കിയതിനു ശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

[SCORE]

ഒന്നു മുതൽ നാലുവരെയുള്ള ചോദ്യങ്ങൾക്ക് ഒരു സ്കോർ വീതം. [4x1=4]

*Q1)* മുരിഞ്ഞപ്പേരീം ചോറും തമ്മിലുള്ള ഛിദ്രത്തെക്കുറിച്ച് പറയുന്നതിലൂടെ വിദൂഷകൻ രാജാവിനെ ധരിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ത് ?

- കുടുംബവഴക്ക്
- ദാരിദ്ര്യം
- അധികാരത്തർക്കം
- നർമ്മം

*Q2)* 'സമഗ്രജീവിതപ്രതിപാദനം' എന്ന പദത്തെ ഘടകപദങ്ങളായി പിരിക്കുന്നതെങ്ങനെ ?

- സമഗ്രവും ജീവിതവും പ്രതിപാദനവും
- സമഗ്രമുള്ള ജീവിതത്തിന്റെയും പ്രതിപാദനം
- സമഗ്രമായ ജീവിതത്തെ പ്രതിപാദിക്കുന്നത്
- സമഗ്രത്തിന്റെയും ജീവിതത്തെ പ്രതിപാദനം ചെയ്യുന്നത്.

*Q3)* തിരുവനന്തപുരം വരെ എത്താനുള്ള ജലപാതയുടെ ഭാഗമാണ് കനോലി കനാൽ. മുറജപത്തിനു നമ്പൂതിരിമാർ പോയിരുന്നത് ഈ വഴിയാണ്.

അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യത്തെയും ചേർത്ത് ഒറ്റവാക്യമാക്കുക.

*P.T.O.*

*Q4)* താഴെകൊടുത്തതിൽ ചേർച്ചയില്ലാത്തത് ഏതാണ് ?

- നല്ലമരതകക്കല്ലിനോടൊത്തൊരു കുമാരൻ മനോഹരൻ - അഭിമന്യു.
- ഉമ്പർകോനൊത്തൊരു വമ്പും പ്രതാപവുമുള്ളവൻ - ദുര്യോധനൻ
- ലക്ഷണമുള്ളൊരു പൈതൽ - ദുശ്ശാസനൻ
- ഉന്മൂലനാശനകാരണനാകിയ ദുർമ്മതിവീരൻ - ശകുനി.

**അഞ്ച് മുതൽ എട്ടുവരെയുള്ള ചോദ്യങ്ങൾക്ക് രണ്ടു സ്കോർ വീതം.** [4x2=8]

*Q5)* 'ആ കിണർ കുഴിച്ചകൈകൊണ്ടു തന്നെ നികത്തുക ! പിന്നെയും ജീവിച്ചിരിക്കുക, നന്മയെ തടയുന്ന നാഗരികതയുടെ കാലത്ത്, നന്ദികെട്ട ആളുകൾക്കിടയിൽ... ആ വൃദ്ധ നേത്രങ്ങൾ നിറഞ്ഞൊഴുകി' ആളുകളെ നന്ദികെട്ടവരെന്ന് വിശേഷിപ്പിക്കാൻ ഉതുപ്പാനെ പ്രേരിപ്പിക്കുന്നത് എന്തെല്ലാമാണ് ?

*Q6)* പ്രകൃതിയാണ് സീതയുടെ ഉറ്റബന്ധു എന്ന് പറയാവുന്ന ഒരു സന്ദർഭം യാത്രാമൊഴി എന്ന പാഠഭാഗത്തുനിന്നും കണ്ടെത്തി എഴുതുക.

*Q7)* തന്റെ ഗ്രാമത്തെക്കുറിച്ചുള്ള കവിയുടെ എണ്ണം തെറ്റിയ ഓർമ്മകളാണ് 'കടമ്മനിട്ട' എന്ന കവിത. കവിയുടെ മനസ്സിൽ ഉണരുന്ന ഗ്രാമചിത്രങ്ങളിൽ നിന്ന് ഒന്ന് കണ്ടെത്തി അതിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

*Q8)* 'അയാൾക്ക് തന്റെ മുഖം നഷ്ടപ്പെട്ടിരിക്കുന്നു. എന്നേക്കുമായി....' 'ആർട്ട് അറ്റാക്ക്' എന്ന കഥയിലെ ശിവരാമൻ ഈ തിരിച്ചറിവിലേക്ക് എപ്പോഴാണ് എത്തുന്നത് ?

**ഒൻപത് മുതൽ പതിമ്മൂന്നു വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം - നാല് സ്കോർ)** [4x4=16]

*Q9)*

- ഉള്ളിൽ കൊടുംതീയാളിടും ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ
- കടലോളം കണ്ണീർ കുടിച്ചവൾ

ഇത്തരം വിശേഷണങ്ങളിലൂടെ കവയത്രി ധ്വനിപ്പിക്കുന്ന സ്ത്രീയുടെ ജീവിതാവസ്ഥകൾ എന്തൊക്കെയാണ്.

*Q10)* ആരല്ലെൻ ഗുരുനാഥ, രാരെല്ലെൻ ഗുരുനാഥർ
പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടെന്തോ
(എന്റെ വിദ്യാലയം - ഒളപ്പമണ്ണ)

ഒരു ഗുരുനാഥനപ്പോലെ ഉരുളികുന്നം സക്കറിയയ്ക്ക് നൽകിയ ജീവിത പാഠങ്ങൾ എന്തൊക്കെയാണ് ?

*Q11)* പട്ടാളക്കാരൻ എന്ന കഥയിലെ വൃദ്ധയുടെ സ്വഭാവസവിശേഷതകൾ എടുത്തുകാട്ടി ഒരു കഥാപാത്രനിരൂപണം തയ്യാറാക്കുക.

*Q12)* 'വിണ്ട കാലടികളി'ലെ കവിയുടെ കാഴ്ചപ്പാട് പുതിയ കാലത്തെ മനുഷ്യരുടെ താത്പര്യങ്ങളിൽ നിന്ന് ഭിന്നമായിരിക്കുന്നത് എങ്ങിനെയൊക്കെയാണ് ? കവിതയിൽ നിന്നുള്ള സന്ദർഭങ്ങൾ ചൂണ്ടിക്കാട്ടി വിശദീകരിക്കുക.

*Q13)* 'ഇന്ദ്രിയാനുഭൂതികളിൽ ഊന്നുന്നു എന്നതാണ് ഉണ്ണായിവാര്യരുടെ വർണ്ണനകളുടെ ഒരു സവിശേഷത'. ഹംസ, ദമയന്തീ വർണ്ണനകൾ പരിശോധിച്ച് നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

സൂചന :
- മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ...
- ചലദളിഝങ്കാരം ചെവികളിലംഗാരം.....

**Q 14 A, B എന്നിവയിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക.** **[1x6=6]**

*Q14)* A) യുദ്ധം വരുത്തിവയ്ക്കുന്ന നഷ്ടങ്ങളും യുദ്ധത്തിന്റെ നിഷ്ഫലതയുമാണ് 'അശാന്തിപർവ്വങ്ങൾക്കപ്പുറം' എന്ന ഭാഗത്തെ രചനകളിൽ തെളിയുന്നത്. ഈ പാഠഭാഗങ്ങൾ നൽകുന്ന സന്ദേശം ക്രോഡീകരിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

അല്ലെങ്കിൽ

B) തന്നോട് സംഗീതത്തെക്കുറിച്ച് സംസാരിച്ച യുവാവിന് 'കടലിന്റെ വക്കത്ത് ഒരു വീട്' എന്ന കഥയിലെ സ്ത്രീ തങ്ങളുടെ ആകെയുള്ള സ്വത്തായ രോമപ്പുതപ്പ് നൽകുന്നു. മുറ്റത്തെ നിലപ്പനപ്പൂവിന് ആറ് ഇതളാണെന്ന അറിവ് 'അടുത്തൂൺ' എന്ന കവിതയിലെ കവി ഉറക്കെ ഘോഷിക്കുന്നു.
ഭൗതിക ജീവിതത്തിലെ സുഖസൗകര്യങ്ങളെക്കാൾ മനസ്സിന്റെ തൃപ്തിയാണ് പ്രധാനം എന്ന ആശയത്തെയാണോ ഈ രചനകൾ മുന്നോട്ടുവെക്കുന്നത് ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

[Score]

*Q15)* താഴെ നൽകിയ കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക. [1x6=6]

**ഭൂമിയോടു ചോദിച്ചാൽ**

ഈ വഴി കടന്നുപോയവരെപ്പറ്റി
ഭൂമിയോടു ചോദിച്ചാൽ
നമ്മെക്കുറിച്ചൊന്നും പറയുകയേയില്ല

മണ്ണിന്റെ അയവുള്ള തൊലിയിൽ
കാൽവെള്ള തൊട്ട് എഴുതിയവരെ
മറക്കുകയില്ല ഭൂമി ഒരിക്കലും
ചെരിപ്പുകളിൽ വന്ന് കാല്പ്പാടുകളെ
യൂണിഫോം അണിയിക്കുന്നതിനു മുമ്പത്തെ
ചിത്രലിപികളിൽ.

ബൂട്ടുകളിൽ കയറി
ബയണറ്റുമായി
കടന്നുപോയവർ
പോയതുതന്നെ.

ആരോർക്കുന്നു
പുഷ്പപാദുകങ്ങളിൽ
ഈ വഴി എഴുന്നള്ളിയവരെ.

മണ്ണുചവിട്ടിക്കുഴച്ച്
വിതയ്ക്കുന്നവരെ
മൺവിരിപ്പിൽതന്നെ
ഉറങ്ങുന്നവരെ
കാലിനടിയിലെ മണ്ണ് ഊർന്നുപോകുമ്പോൾ
ജീവൻകൊണ്ട്
കെട്ടിപ്പിടിച്ച് കിടക്കുന്നവരെ
ആയവരെപ്പറ്റിയെല്ലാം ഭൂമിയോട് ചോദിച്ചാൽ
കതിരിട്ടും തളിരിട്ടും കാണിക്കും
വാക്കുകിട്ടാത്ത അതിന്റെ
അവസാനത്തെ ആനന്ദം

(വീരാൻകുട്ടി)

ബയണറ്റ് = തോക്കിനു മുന്നിലുറപ്പിച്ച കത്തി
പാദുകം = ചെരുപ്പ്

□□□□